# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2023/10

തിരുവനന്തപുരം
11.01.2023

സ്വീകർത്താവ്
ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം : -** **സ്മാർട്ട് മീറ്റർ ജിയോ മാപ്പിംഗ് എതിർപ്പ് സംബന്ധിച്ച്.**

**സൂചന : -** **മന്ത്രിതല ചർച്ചയിൽ രേഖപ്പെടുത്തിയ അഭിപ്രായം - ഇതേതുടർന്ന് സംഘടന നല്കിയ കത്ത്.**

നിലവിലെ സാഹചര്യത്തിൽ KSEB ൽ സ്മാർട്ട് മീറ്റർ സംവിധാനം നടപ്പാക്കുന്നതിന് യാതൊരു വിധത്തിലും കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) അംഗീകരിക്കില്ലാ യെന്ന വസ്തുത മന്ത്രിതല ചർച്ചയിൽ ഞങ്ങൾ അറിയിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ച വിഷയങ്ങൾ രേഖമൂലവും അറിയിച്ചിട്ടുണ്ട്. അത് KSEB യുടെ സാമ്പത്തിക അടിത്തറ തകർക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സാഹചര്യത്തിൽ സ്മാർട്ട് മീറ്റർ തീരുമാനവുമായി ബന്ധപ്പെട്ട് ജിയോ മാപ്പിംഗ് ജീവനക്കാരെക്കൊണ്ട് നിർബന്ധിച്ച് എടുപ്പിക്കുന്നത് ഞങ്ങൾക്ക് അംഗീകരിക്കാനാവില്ല. ഞങ്ങൾ മുന്നേ തന്നെ എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ഞങ്ങളുടെ സംഘടന, ജീവനക്കാരെ ഉപയോഗിച്ചുള്ള ജിയോ മാപ്പിംഗിനോട് സഹകരിക്കില്ലായെന്ന കാര്യം ഇതിനാൽ അറിയിച്ചുക്കൊള്ളുന്നു.

സ്മാർട്ട് മീറ്റർ സംവിധാനവുമായി ഗവൺമെന്റ് മുന്നോട്ട് പോകാൻ തീരുമാനിച്ചതായി ഞങ്ങൾ മനസ്സിലാക്കുന്നു. ഇതിന്റെ ഭാഗമായി മുമ്പ് വച്ച ത്രികക്ഷി കരാറിനെ തുടർന്നുള്ള അന്തിമ കരാർ വയ്ക്കുവാൻ ബോർഡും ഗവൺമെന്റും തീരുമാനിച്ചതായും അത് അടുത്ത ദിവസങ്ങളിൽ കരാർ ഒപ്

വയ്ക്കുമെന്നും മനസ്സിലാക്കുന്നു. അങ്ങനെയൊരു ഏകപക്ഷീയമായ നിലപാടുമായി ബോർഡും ഗവൺമെന്റും മുന്നോട്ട് പോകാനാണ് തീരുമാനമെങ്കിൽ പണിമുടക്ക് ഉൾപ്പടെയുള്ള ശക്തമായ സമരപരിപാടികളിലേക്ക് സംഘടന നീങ്ങുമെന്ന കാര്യവും ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | വി.സുധീർ കുമാർ<br>ജനറൽ സെക്രട്ടറി |